who have been just recruited and who waste their time cannot be given exemptions. What happens is that the work of the village office has to be done by the officers in the higher grade. These people receive the pay and we have to re-do the work by sending back papers many times. We have actually no time to get on with our ordinary work. If this is the sort of persons we are to be employing then the efficiency of the service will be greatly affected. I regret that it is not possible to accept this resolution. Cases which deserve exemption have been carefully looked into and exemptions granted.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How many have been thrown out?

Mr. A. Madhava Prabhu *(Diwan (Peishkar):* I want notice. I don't think at present there are more than a few. I am not certain.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറഞ്ഞതെല്ലാം വളരെ ശരിയാണു്. എങ്കിലും ഒന്നുകൂടി ആലോചിച്ചു ഈ കൊല്ലത്തിൽ ഒരു പരീക്ഷകൂടി ഈ ആറുമാസത്തെ ഇടക്കു നടത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതു പ്രസ്തുതിക്കുന്നു.

Mr. A. Madhava Prabhu *(Diwan Peishkar):* A poll, Sir.

	Ayes		*Noes*
Messrs.	1. K. R. Ramakrishnan	Messrs.	1. M. Krishna Menon
	2. T. S. Ramachandra Ayyar		2. N. Govinda Pai
	3. M. Nanu Menon		3. M. K. Devassy
	4. Ephraim Ouseph		4. V. K. Kutty
	5. V. K. Bhaskara Menon		5. A. Madhava Prabhu
	6. C. K. Nayar		6. V. K. Aravindaksha Menon
	7. C. V. Iyyu		7. Rao Sahib Dr. T. Varghese
	8. P. Kumaran Ezhuthassan		8. Parambi Lonappan
	9. K. Narayana Menon		9. P. V. Raphael
	10. C. Ittiravi Nambooripad		10. M. Sivarama Menon
	11. A. T. Kunhipaloo		11. Khan Sahib Y. Muhammad Roshan Sahib Bahadur
			12. C. J. Mathew
			13. M. M. Paul

Deputy President: 11 for and 13 against.

The resolution is lost

RESOLUTION No. 20.

Prohibition of Rice Hulling for the duration of the War

Mr. C. V. Iyyu *(Kunnamkulam):* Sir, I beg to move that *"This Council recommends to the Government to issue immediate orders stopping all rice hulling mills for the duration of the war."*

ഇതിനെക്കുറിച്ചും എനിക്കു കൂടുതലായി ഒന്നും പറയുവാനില്ല. ഈ സഭയുടെ സമയത്തെ ഇത്രയും പ്രധാനമായ ഒരു വിഷയത്തെക്കുറിച്ചു സംസാരിച്ചു വാദപ്രതിവാദം ചെയ്തു നഷ്ടപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല. നിവൃത്തിയുള്ളിടത്തോളം അരി hand pounding കൊണ്ടു കിട്ടാവുന്നതു ഉണ്ടാക്കിക്കൊടുക്കുക; മില്ലു് നിവൃത്തിയുള്ളിടത്തോളം ഉപയോഗിക്കാതെ കഴിക്കുക ഇതാണു് ഞാൻ ആവശ്യപ്പെടുന്നതു്. Rationing വരുന്നതിനുമുമ്പാണു് ഞാൻ ഈ പ്രമേയം അയച്ചതു്. മില്ലുകൾക്കുവേണ്ടി കൂഡായിൽ മുഴുവൻ കത്തിച്ചുകളഞ്ഞാൽ പുഞ്ചകൃഷിയുടെ ആവശ്യത്തിനു് മിഷ്യനു ഉപയോഗിക്കുവാൻ വേണ്ട കൂഡായിൽ കിട്ടാതെ വരും. അതുകൊണ്ടു് മില്ലുകളെല്ലാം നിറുത്തൽചെയ്തു hand pounding കൊണ്ടു നിവൃത്തിയുള്ളിടത്തോളം അരി ഉണ്ടാക്കിക്കൊടുക്കുകയാണു് വേണ്ടതു്.

Mr. V. K. Bhaskara Menon *(Cranganur):* Sir, there should be some resolution before the House upon which discussion can take place. The Hon'ble Mover is now treating the House as to what all things took place in his mind when he sent the resolution. It is very difficult for this House to vote or understand what exactly it is asked to do. I submit the member may be asked to explain what exactly he wants to talk about rather than have a talk at random through the nose, I should say. *(Laughter).*

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. യുദ്ധംകഴിയുന്നതുവരെ എഞ്ചിൻ ഉപയോഗിച്ചു നെല്ലുകുത്തി വിതരണം ചെയ്യുന്ന ഏർപ്പാട് നിറുത്തൽ ചെയ്യണമെന്നാണു് ഈ പ്രമേയകർത്താവു നിർദ്ദേശിച്ചിട്ടുള്ളതു്. അതു നടക്കുകയില്ലെന്നു പറയുന്നതു് അതിനെപ്പറ്റി യാതൊരു ഗന്ധവുമില്ലാത്ത ആളുകളാണു്. മില്ലുകൾ വരുന്നതിനുമുമ്പും കൊച്ചിയിലെ ജനങ്ങൾ അരിതന്നെയാണു് ഭക്ഷണസാധനമായി ഉപയോഗിച്ചിരുന്നതു്. അന്നു ജനങ്ങളെല്ലാം വളരെ ആരോഗ്യമുള്ളവരുമായിരുന്നു. ഇന്നു തവിടുകളയാത്ത അരിയാണു് ഗവൺമെണ്ടു് തരുന്നതു്. വിറ്റാമിൻ തവിടിൻ ധാരാളമുണ്ടെന്നാണു് പറയുന്നതു്. എന്നാൽ മൂന്നു ദിവസംവരെ വെള്ളത്തിലിട്ടു ചീച്ചു പിന്നീടു സ്റ്റീം കൊടുത്തു അരിയാക്കിയെടുക്കുന്നതു വാസ്തവത്തിൽ അതിന്റെ ഗുണാംശങ്ങളെല്ലാം നശിച്ച ശേഷമുള്ള ഭാഗം മാത്രമാണു്. അതു തിന്നുന്നതുകൊണ്ടു യാതൊരു ഗുണവുമില്ല. സകല ഗുണങ്ങളും നശിച്ചതിനുശേഷമാണു് അതു തിന്നുന്നതു്. മനുഷ്യർക്കു ഭക്ഷണം കഴിക്കുന്നതു കുറച്ചു കഴിച്ചാൽ മതി. ഒരു ദിവസം ഇടങ്ങഴി അരി ഭക്ഷിച്ചിരുന്ന ഒരാൾക്കു നാഴി അരി പോലും കഴിക്കുവാൻ ഇപ്പോൾ പ്രയാസമാണു്. അതുകൊണ്ടു് കഴിക്കുന്നതു കുറച്ചായാലും പോഷകാംശം പോകാത്തതരത്തിൽ കഴിക്കുവാനുള്ള ഏർപ്പാടു ചെയ്യുകൊടുക്കണം. കൊച്ചിരാജ്യത്തിലെ ജനങ്ങളെല്ലാവരും ഒരു കാലത്തു കർഷകരായിരുന്നു. എല്ലാവരും നെല്ലുകുത്തി അരിയാക്കി ഭക്ഷണം കഴിച്ചിരുന്നു. ഇപ്പോൾ എറണാകുളം പട്ടണത്തിൽ ഒരുപക്ഷെ ഇവിടെയുള്ളവർക്കു നെല്ലുകുത്തി അരിയാക്കി ഭക്ഷിക്കുവാൻ പ്രയാസമുണ്ടാകുമായിരിക്കാം.

മിസ്റ്റർ എ. വി. മുത്തേടൻ : വാസ്തവത്തിൽ വളരെ പ്രയാസമുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എത്ര പ്രയാസമാണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു ഉരലും ഉലക്കയും ഓരോ വീട്ടിലേക്കും എത്രകൊണ്ടു് ഉണ്ടാക്കിക്കൂടാ? നെല്ല പുഴുങ്ങി ഉണക്കികുത്തി അരിയാക്കണം. നിങ്ങൾ കുറച്ചാളുകൾ യാതൊരു പ്രയത്നവും ചെയ്യാതെ മേശയിൽ കൊണ്ടുവെക്കുന്നതു തിന്നുവാൻമാത്രം നോക്കിയിരുന്നാൽ പോരാ. ഞങ്ങൾ കർഷകരാണു്. ഞങ്ങൾക്കു ആരോഗ്യംവേണം. ഞങ്ങളാണു് രാജ്യത്തിനു നട്ടെല്ലായിട്ടുള്ളതു്. ആരോഗ്യത്തിനുവേണ്ടി ഭക്ഷണം കഴിക്കണമെന്നുണ്ടെങ്കിൽ അവനവൻതന്നെ നെല്ലു് കുത്തി അരിയാക്കണം. തിരുവിതാംകൂറിലുള്ള മില്ലുകളൊക്കെ നിറുത്തിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് തിരുവിതാംകൂർ കിഴവനച്ചാലിൽ താഴ്ന്നുപോകുകയൊ ആകാശത്തിലേക്കു പൊങ്ങിപ്പോകുകയൊ ചെയ്തിട്ടില്ല. അതുകൊണ്ടു് മറ്റരാജ്യങ്ങളിൽ നടന്നുവരുന്ന സമ്പ്രദായം നാമും അനുകരിക്കണം. നെല്ലുകുത്തുവാനായി ഏല്പിച്ചിട്ടുള്ള ചില കമ്പനികളിൽ ഞാൻ പോയി നോക്കിയിട്ടുണ്ടു്. അവിടെ ചെന്നു നോക്കിയപ്പോൾ നെല്ല മൂന്നു ദിവസംവരെ വെള്ളത്തിലിട്ടു ചീച്ചുതിനുശേഷമാണു് കുത്തുന്നതായിട്ടു മനസ്സിലായതു്. വളരെ പറ നെല്ലു കുത്തിക്കഴിഞ്ഞാൽ പിന്നെ അതോടുകൂടി ആറു പറ നെല്ലുകൂടി ചേർക്കുന്നതായിട്ടു കാണുകയുണ്ടായി. എന്താണു് ഇതിനു കാരണമെന്നു ചോദിച്ചപ്പോൾ അതു അതിന്റെ ഹള്ളിനു ചോർച്ചയുണ്ടു്, അങ്ങിനെ ചോർന്നു വീഴുന്നതുകൊണ്ടാണു് നെല്ല കലന്നിരിക്കുന്നതെന്നു പറയുകയുണ്ടായി. ഇതു് എനിക്കു അവിടെ പോയിനോക്കിയതിൽനിന്നും കിട്ടിയ അറിവാണു്. ഇങ്ങിനെയുള്ള കള്ളത്തരങ്ങൾ മില്ലുകാർക്കു ചെയ്യുവാൻ ഇടയാകാത്ത തരത്തിലും ജനങ്ങൾക്കു സഹികായ്വും പോഷകാംശം അടങ്ങിയതുമായ ഭക്ഷണം കഴിക്കുവാൻ സാധിക്കുന്നതരത്തിലും ഉള്ള സന്ദർഭം ലഭിക്കണമെങ്കിൽ തീച്ചയായും ഈ വിധത്തിലുള്ള മില്ലുകളെല്ലാം അടച്ചുപൂട്ടണം. അതുകൊണ്ടു കർശനമായ ഒരു നിയമത്താൽ എല്ലാമില്ലുകളും നിറുത്തൽ ചെയ്തു പൊതുജനാരോഗ്യത്തെ മുൻനിറുത്തി പ്രവൃത്തിക്കണമെന്നുള്ള ഈ പ്രമേയത്തെ ഗവൺമെണ്ടു സഹീകരിക്കേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

Mr. K. M. Ibrahim *(Cranganur)* : With your kind leave, sir, may I just get the authoritative information from the Government whether they have got any information whether the Travancore Government have prohibited this milling?

മിസ്റ്റർ സി. കെ. നായർ : കൈകൊണ്ടു നെല്ലുകുത്തിത്തരാമെന്നു് വല്ലയിടത്തുനിന്നും വല്ല അപേക്ഷകളും ഗവൺമെണ്ടിലേക്കു കിട്ടിയിട്ടുണ്ടൊ?

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എം. പോൾ: ഒന്നരണ്ടു അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അതിനെപ്പറ്റി എഴുത്തുകുത്തു നടത്തിവരുന്നുണ്ട്. കഴിയുന്നിടത്തോളം ഹാൻറ് പൌണ്ടിംഗ് സ്വീകരിക്കണമെന്നാണ് ആലോചിച്ചുവരുന്നതു.

മിസ്റ്റർ എ. വി. മൂത്തേടൻ: എവിടെനിന്നാണ് അപേക്ഷ വന്നിട്ടുള്ളതു?

മിസ്റ്റർ എം. എം. പോൾ: നെമ്മാറ, വടക്കാഞ്ചേരി, കൊച്ചികണയന്തൂർ, തൃപ്പൂണിത്തുറ, ഇവിടങ്ങളിൽനിന്നെല്ലാം കിട്ടിയിട്ടുണ്ട്.

മിസ്റ്റർ സി. കെ. നായർ: കൈക്കുത്തിനും മില്ലിൽ കുത്തുന്നതിനും കൊടുക്കുന്ന ചാർജ്ജിൽ വല്ല വ്യത്യാസവുമുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഇതുവരെ കൈക്കുത്തിനു കൊടുത്തിട്ടില്ല.

മിസ്റ്റർ സി. കെ. നായർ: സ്ത്രീകളെ കൂലിക്കു നിറുത്തി കൈകൊണ്ടു നെല്ലു കുത്തിക്കുന്ന വല്ല കമ്പനികൾക്കും നെല്ലു് കൊടുക്കുന്നുണ്ടോ?

Mr. M. M. Paul *(Commissioner of Civil Supplies)*: I want notice.

Mr. K. M. Ibrahim *(Cranganur)*: That can be done otherwise.

Mr. C. K. Nayar *(Nemmara)*: Yes. But this is the result. Making people eat paddy instead of rice.

മിസ്റ്റർ സി. കെ. നായർ: മില്ലുകളിൽ കൊടുക്കുന്ന കൂലി മാത്രമേ ഇവർക്കും കൊടുക്കുന്നുള്ളു. അതുകൊണ്ടു നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമോ എന്നറിയുവാനാണു് ഞാൻ ചോദിക്കുന്നതു. മഹാരാജാവു തിരുമനസ്സുകൊണ്ടാണു് തവിട് കളയാത്ത അരി ഉപയോഗിക്കണമെന്നു കല്പിച്ചിട്ടുള്ളതു് എന്നാണു് എന്റെ ഓർമ്മ. ആ പ്രഖ്യാപനത്തിൽ "ഹാൻറ് പൌണ്ടിഗ്" എന്ന പദമാണുപയോഗിച്ചിട്ടുള്ളതും. ആ സ്ഥിതിക്കു് കഴിയുന്നിടത്തോളം കൈകൊണ്ടു നെല്ലു കുത്തിച്ചു് വിതരണം ചെയ്യുകയും പോരാത്തതു മില്ലിൽ കൊടുക്കുകയും ചെയ്താൽ മതിയാകുന്നതാണു്. മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ നെല്ലുതന്നെ വെന്തു ചോറായി അതിന്റെ ഗുണമെല്ലാം പോയതു് നന്നേ ശോഷമാണു് മില്ലുകാർ ഇന്നു അരിയാക്കുന്നതു. സാധാരണയായി ഒരു വലിയ സദ്യയൊ മറ്റൊ കഴിഞ്ഞാൽ ചില സാധുക്കൾക്കു് ഒരു പത്തു ദിവസത്തേക്കു കുടുംബത്തിലുള്ളവർക്കു മുഴുവനും ഉണ്ണാനുള്ള ചോറു കിട്ടും. അതു് അവർ കൊണ്ടുപോയി ഉണക്കി ദിവസേന ആവശ്യമുള്ളതു് ചൂടുവെള്ളത്തിലിട്ടു് ചോറാക്കിയാണു് ഭക്ഷിക്കാറു്. അതിൽ ഒരു സത്തുമില്ല. വെറും പിണ്ടിമാത്രമാണുള്ളതു്. ഇതുപോലുള്ള പിണ്ടിയാണു് ഇന്നത്തെ അരി. ഇപ്പോൾ നെല്ലു കൈകൊണ്ടു കുത്തി തരുവാൻ തയ്യാറുള്ള പല സ്ഥാപനങ്ങളും ഈ രാജ്യത്തുണ്ടു്. നെമ്മാറയിൽ കൈക്കുത്തരി തയ്യാറാക്കുന്ന ഒരു സ്ഥാപനമുണ്ടു്. അങ്ങിനെയുള്ള സ്ഥാപനങ്ങളെ ഈ ചുമതല ഏല്പിച്ചാൽ നല്ല അരി ജനങ്ങൾക്കു കിട്ടും. നാട്ടിലെ തൊഴിലില്ലായ്മക്കു പരിഹാരമാകും. ഇന്നത്തെ "മില്ലുകുത്തു" സമ്പ്രദായംകൊണ്ടു "നെല്ലുകുത്തു" ഇല്ലാതായതുമൂലം പട്ടിണി കിടക്കുന്ന പലർക്കും ഉപജീവനമാർഗ്ഗവുമാകും. അതിനാൽ കൈക്കുത്തരിയുടെ പ്രചരണത്തിൽ ഗവൺമെണ്ടു ശ്രദ്ധിക്കേണ്ടതാണു്.

*മിസ്റ്റർ വി. കെ. കുട്ടി: സർ, ഈ പ്രമേയത്തെപ്പറ്റി രണ്ടു വാക്കു പറയേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഇപ്പോൾ വിതരണംചെയ്യുന്ന അരി വാസ്തവത്തിൽ വളരെ ഉപയോഗശൂന്യമാണെന്നു പറഞ്ഞാൽ ഒരുപക്ഷെ ഡോക്ടർ അതിനെ എതിർക്കുമായിരിക്കാം. കണ്ടാൽ കൈകൊണ്ടു എടുക്കുവാൻപോലും തോന്നാത്ത നിലയിലുള്ള ഒരു ഭക്ഷണസാധനമാണു് നമുക്കിപ്പോൾ കിട്ടിവരുന്നതു്. മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ വിറ്റാമിൻ എ. യൊ ബി. യൊ സി. യൊ എന്തുതന്നെയുണ്ടെങ്കിലും ഞങ്ങൾ അതു് ഇഷ്ടപ്പെടുന്നില്ല. ഞങ്ങൾ ഞങ്ങളുടെ പൂർവ്വികന്മാരെ അനുകരിച്ചു് കൈകൊണ്ടു നെല്ലു കുത്തി അരിയാക്കി ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്നവരാണു്. പൂർവ്വികന്മാരുടെ സമ്പ്രദായംതന്നെ തുടർന്നുപോകുവാനാണു് ഞങ്ങളാഗ്രഹിക്കുന്നതു്. ഞങ്ങളുടെ പൂർവ്വികന്മാർ ശീലിപ്പിച്ചിട്ടുള്ളതും ഞങ്ങൾ ഉപയോഗിച്ചിരുന്നതുമായ വെളുപ്പിച്ച അരിതന്നെ ഞങ്ങൾക്കു കിട്ടണം. മില്ലിൽ കുത്തിച്ചു് അരിയാക്കുന്നതിനേക്കാൾ കൈകൊണ്ടു നെല്ലുകുത്തി അരിയാക്കുന്നതാണു് ഉത്തമമായിട്ടുള്ളതു്. ഇന്നത്തെ നിലയിൽ സ്റ്റോറിനു ആവശ്യമായ നെല്ലു് കൈകൊണ്ടു കുത്തിച്ചു് അരിയാക്കി വിതരണം ചെയ്യണം.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി പ്രസിഡണ്ട് : അരിയാക്കാതെ നെല്ലായിട്തന്നെ കൊടുത്താൽ പോരെ?

മിസ്റ്റർ വി. കെ. കുട്ടി : ഇപ്പോൾ കൊച്ചിയിൽ നെല്ല് കൊടുത്തുവന്നിരുന്ന രീതി യുണിറ്റ കണക്കാക്കിയാണ്. കഴിഞ്ഞ ഏതാണ്ടം മാസങ്ങൾക്കു മുമ്പ് തൃശ്ശിവപേരൂരിൽനിന്ന് കുറച്ചു അരി വാങ്ങിച്ചു ഇവിടെ വിതരണം ചെയ്യുകയുണ്ടായി. ആ അരിയെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ട് യഥാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിലും ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആക്ഷേപമാണുണ്ടായിരുന്നതു. മില്ലിൽ അരി ഉണ്ടാക്കുന്ന കാര്യത്തിൽ നടക്കുന്ന ചില സഭ്യതയക്കേടും പറയാം. മിസ്റ്റർ പണിക്കർ പറഞ്ഞതുപോലെ നെല്ല് മൂന്നു ദിവസം വെള്ളത്തിലിട്ടുക മാത്രമല്ല ചെയ്യുന്നതു. അരിയാക്കിയതിനുശേഷം അതിൽ വെള്ളം കയറാറുണ്ട്. തൂക്കത്തിൽ കൂടുതൽ കാണിക്കുവാനാണ് അങ്ങിനെ ചെയ്യുന്നതു. ഒരുനാഴി അരിക്കുള്ള പ്രയോജനം കിട്ടണമെങ്കിൽ ഒന്നരനാഴി അരിയിൽ കൂടുതൽ വേണ്ടിവരും. അതുകൊണ്ട് ഇങ്ങിനെയുള്ള വിഷമതകളെല്ലാം ഗവമ്മെണ്ടിൽനിന്നും നല്ലപോലെ ആലോചിച്ചു നെല്ല നെല്ലായിട്തന്നെ കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു. നാട്ടുകാരും ആ കാര്യത്തിൽ വളരെ താല്പര്യമുള്ളവരാണ്. ഇത്രമാത്രമേ എനിക്കു ഈ പ്രമേയത്തെപ്പറ്റി പറയുവാനുള്ളു.

മിസ്റ്റർ കെ. ജെ. തോമസ്സ് : ഇന്നല്ല,യുദ്ധത്തിനു എത്രയോ മുമ്പുതൽതന്നെ നെല്ല കൈകൊണ്ടു കുത്തി അരിയാക്കിയെടുക്കുന്നതിന്റെ ഗുണത്തെപ്പറ്റി വലിയ പ്രശംസകളും വളരെ പ്രോസ്പെക്റ്റസുമൊക്കെ അച്ചടിച്ചു പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിന്റെ ആവശ്യം പോഷകാംശം മില്ലിൽ കുത്തുന്നതുകൊണ്ടു പോകുന്നതിനെ സംബന്ധിച്ചു മാത്രമല്ല, ജനങ്ങൾക്കു കൈക്കുത്തുകൊണ്ടു തൊഴിലുണ്ടാക്കുന്നതിനുംകൂടിയാണ്. (ഹിയർ, ഹിയർ) ഇതുകൂടാതെ നമ്മുടെ നാട്ടിൽ നെല്ല കൈകൊണ്ടു കുത്തുന്നതുകൊണ്ട് വേറെ പല ഗുണങ്ങളും ജനങ്ങൾക്കുണ്ടാകാറുണ്ട്. പറത്തുനിന്നു നെല്ല കൊണ്ടുവന്ന് അരിയാക്കി വിതരണം ചെയ്യുന്നതിനുപകരം നെല്ലായിട്തന്നെ വിതരണം ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. നാട്ടുപുറങ്ങളിലുള്ള ഫെയർപ്രൈസ് ഷാപ്പുകളിൽ നെല്ല കൊടുത്തിരുന്നകാലത്തു ജനങ്ങൾക്കു അതിൽ കൂടുതൽ പ്രോത്സാഹനമുണ്ടായിരുന്നു. അവക്കു അരി കൊടുക്കുമ്പോൾ അത്രത്തോളം പ്രോത്സാഹനം അതിൽ കാണിക്കാറില്ല. നെല്ല് കൊടുക്കുകയാണെങ്കിൽ അതു കുത്തി അരി, തവിടു്, ഉമി ഇതെല്ലാം ജനങ്ങളുടെ ആവശ്യത്തിനു ഉപയോഗപ്പെടുത്തുവാൻ സാധിക്കും. അരി കൊടുക്കുന്നതുകൊണ്ട് ആ വിധത്തിലുള്ള യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. മില്ലുകാർ നിവർത്തൽചെയ്താൽ മാത്രമേ കൈകൊണ്ടു കുത്തുന്നതിന്റെ ഗുണം കൂടുതലുണ്ടെന്നു മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. നാട്ടിലുള്ള ജനങ്ങൾക്ക് അവരുടെ ഇഷ്ടമനുസരിച്ചു, ഏതാണ് അവർ കൂടുതൽ ഇഷ്ടപ്പെടുന്നതു നെല്ലോ അരിയോ എന്നു അന്വേഷിച്ചു അതുപ്രകാരം ഒന്നു പരീക്ഷിക്കുവാനായിട്ടെങ്കിലും നെല്ലായിട്തന്നെ മേലാൽ കൊടുക്കുവാൻ വേണ്ടതു ഗവമ്മെണ്ടു പ്രവർത്തിച്ചാൽ കൊള്ളാമെന്നു് എനിക്കപേക്ഷയുണ്ടു്.

Mr. M. K. Devassy *(Adur)* : Sir, this is a very important resolution in my opinion. The question is not so much of the vitamin contents in the handmilled rice. It is mainly a question connected with the Civil Supplies Department. It would be good for the Civil Supplies Commissioner to understand that the rice now supplied gives rise to a lot of complaint. It is only fair to say that the rice supplied contains at least 25 per cent paddy. Paddy by itself is good but when mixed with rice it is very unpalatable. Now, something is going on.

Deputy President : Is there any paddy in the rice ?

Mr. M. K. Devassy *(Adur)* : In the rice milled in the State, there is paddy. I have seen it. There is no exaggeration. It is a fact. I have made further enquiries. Some people say that if you want to get cent per cent rice you must have some mechanism to be applied which is not available in the case of small mills and you cannot prevent this 25 per cent paddy being there as such. In the case of mills which utilise that mechanism the percentage may be better. Another difficulty is in the case of rice supplied from depots. As soon as it is put in water it crumples. I cannot exactly diagnose the case. The rice simply crumples. These mill-owners are doing something very mischievous. I cannot say what it is. They must be resorting to very questionable methods in the case of this milling to increase the quantity of rice and which ultimately very baldly affect the quality of rice. Therefore, I am not standing up to support the resolution as such but only to point out to the Government that it is a very important aspect which the

LIBRARY ARCHIVES Kerala Legislative Assembly

Goveernment should consider and if you think that mill-owners will continue to do these things and it is inevitable the better course is to supply paddy as such rather than such rice.

Mr. A. V. Moothedan *(Chalakkudi):* Sir, the proposal before the House is whether all the rice mills should be closed in the State. Regarding the poor quality of rice supplied I agree with the Hon'ble Members who said that the quality is very poor. It is a mixture of paddy and rice. It is admitted. But the closing of these mills is a panacea. We are importing rice from other countries. It is very difficult to get railway carriages and we have got to transport rice. The volume of paddy will be double that of rice. Therefore, if it is converted into rice it will be easier to bring it into the State. Even if we close our mills rice will have to be distributed. So by closing of mills this problem cannot be solved. Regarding the superiority of the quality of hand-po nd rice to milled rice and so on, I have not made a study of the subject. But the difficulty in our place is we cannot get women to pound rice. What shall we do. In Ernakulam and in my native place we cannot get women.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a very peculiar place.

Mr. A. V. Moothedan *(Chalakkudi):* Very peculiar. They have got an idea that if they pound rice they will get consumption.

Mr. K. S. Panicker *(Ezhuvas-Mukundapuram):* That is only an exercise.

Mr. A. V. Moothedan *(Chalakkudi):* I am speaking out of my own experience. We were getting formerly women to do this work. Our women cannot do this work. Therefore, my request is wherever it is necessary to have recourse to rice mill let them have it. We have got some paddy here. For hand-pounding they demand ¼th of the rice. What shall we do? Now there is rationing. We cannot get unlimited paddy. If we give ¼th of the rice what shall we live upon.

Mr. V. K. Bhaskara Menon *(Cranganur):* The balance, it is clear. *(Laughter).*

Mr. A. V. Moothedan *(Chalakkudi):* In Vadakkancheri Mr. Ezhuthassan's place and in Mr. Panicker's place there are plenty of women to do this work. In Ernakulam it is very difficult. I think Mr. Bhaskara Menon also gave that opinion and no universal application should be made. That is all I have to say.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു നെല്ല കുത്തുന്ന മില്ലുകളെ പ്രൊഹിബിറ്റചെയ്യാനായിട്ട് ഒരു നിയമം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗവമ്മെണ്ടിൽനിന്നും അരിയായിട്ട കൊടുക്കണ്ടാ, നെല്ലായിട്ട കൊടുത്താൽ മതി എന്നുവെച്ചാൽ തരക്കേടില്ല. അരിയായിട്ട കൊടുക്കുമ്പോൾ കല്ല ധാരാളമുണ്ടെന്നാണെങ്കിൽ നെല്ലായിട്ട കൊടുക്കുമ്പോൾ പതിരായിട്ടും കൂറെയൊക്കെ ഉണ്ടായിരിക്കും. എന്നാൽ കല്ല കടിച്ച്ട്ട് പല്ല കളയുന്നതിനേക്കാൾ പതിരു തിന്നുന്നതായിരിക്കും കൂറെ ഭേദം. പതിരു, അല്ലെങ്കിൽ ഉമി തിന്നാൽ പല്ല പോകയില്ല. നെല്ല കൊടുത്താൽ അളുകൾ പട്ടിണി കിടക്കുന്നുണ്ടെങ്കിൽ പിന്നെ അതു കൊടുക്കാൻപോകണ്ടാ, അങ്ങിനെ നെല്ല് കിട്ടിയാൽ ഉണ്ണാൻ സാധിക്കാതെ ആരെങ്കിലും പട്ടിണി കിടക്കുന്നുണ്ടെന്നുകണ്ടാൽ അവക്ക് അരി കൊടുക്കുക. കൂറെ കഴിയുമ്പോൾ വിറക കിട്ടാൻ വിഷമമുണ്ടെന്നുള്ള കാരണത്താൽ തങ്ങൾക്ക ചോറ മതി എന്ന പറഞ്ഞാൽ സിവിൽ സപ്ലൈ കമ്മീഷണർ ചോറണ്ടാക്കി കൊടുക്കേണ്ടിവരും. അതുകൊണ്ട് നെല്ലായിട്ട മതിയെന്ന പറയുന്നവക്ക നെല്ലായിട്ടും അരിയായിട്ട മതിയെന്ന പറയുന്നവക്ക് അരിയായിട്ടും കൊടുക്കുന്നതായിരിക്കും നല്ലതു്. നെല്ലായിട്ട കൊടുക്കുകയാണെങ്കിൽ അതു് അരിയാക്കി കൊടുക്കേണ്ടഭാരം ഗവമ്മെണ്ടിനില്ല. ഈ മില്ലുകൾ ഇപ്പോൾ ഇരിക്കുന്നതുതന്നെ തൽക്കാലം കോൾകുഷിക്ക വളരെ ദോഷമാണു്. മില്ലുകൾ നിറുത്തുകയാണെങ്കിൽ അതിന്റെ എഞ്ചിനുകളെല്ലാം കോൾകുഷിക്കുവേണ്ടി ഉപയോഗിക്കാം. എത്രത്തോളം എഞ്ചിനുകൾ കൂടുതലായി ഉപയോഗപ്പെടുത്താമൊ അത്രയും കോൾകുഷിക്ക ഗുണമാണു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: കോൾകൃഷിചെയ്യുന്ന ജന്മിമാക്ക മാത്രം.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: കോൾകൃഷി ചെയ്യുന്നവർ മുഴവൻ ജന്മിമാരാണു്, അവർ മുഴവനും നമ്പൂതിരിമാരാണു് എന്ന സമ്മതിച്ചാൽതന്നെയും ഒരു തരക്കേടുംവരാനില്ല. ഞങ്ങൾ കൈക്കുത്തുകൊണ്ടുള്ള അരിയാണു് ഉപയോഗിക്കുന്നതെങ്കിലും നെല്ല ഉണ്ടാകാത്ത ബുദ്ധിമുട്ട ഞങ്ങൾക്ക നല്ലവണ്ണമുണ്ടു്. നെല്ല കയ്യിലുണ്ടായിട്ടു് അതു കുത്തി അ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Mr. A. B. Salem *(Mattancheri)*: I cannot agree to the proposition that all the mills must be stopped and only complete hand-pounded rice should be given. Conditions vary from taluk to taluk. The conditions in the Cochin-Kanayannur Taluk are entirely different from that of Mukundapuram or Trichur or Chittur. Those are all surplus taluks where there is plenty of paddy and you can very well have either rice pounded by hand or mill or even have paddy itself. But the conditions in littoral tracts here are quite different. For instance, take my own constituency of Mattancheri. To give them only paddy and ask them to convert the paddy into rice may be found to be very difficult process, because, people are all very busy, otherwise, than to make them occupied in pounding rice. We have tried that experiment, in the rural parts. But in this Taluk it is extremely difficult to get men or women to do the hand-pounding business. So, we cannot ask Government to try at every part of the country.

Mr. T. A. Ramachandra Ayyar *(Nellayi)*: What were you doing when you had no mills?

Mr. A. B. Salem *(Mattancheri)*: We were all depending upon Burma rice. Millions of bags of rice were pouring in and people never thought that rice was a problem. It is only because Burma was lost during this war and Saigon rice and Burma rice are not coming here, that we are faced with this difficulty. Otherwise, there was no difficulty in sending rice up to Chowghat and up to Trivandrum. But now it is very difficult. In the last war there was no difficulty for rice, only the price went up a little. Now the difficulty arises because no rice comes by sea. All rice has to be got down from Madras, Chittur or outside the State. I am sorry to complain that some of the rice could not be eaten. I have been shown the rice. That rice looks red in its original packing. After it is put into water and boiled it becomes black. It is a curious process how this rice changes colour. It contains some paddy, and children refuse to eat it in many houses. Fortunately for Mattancheri table rice is not controlled. So they can pay money and take table rice. So people stock some table rice. Great difficulties are being experienced. I am not blaming the Government for it. They can only give what they get. But we have purchasers of our own. They may be given instructions in selecting the rice. It has also to be noted by Government that there are classes and classes and classes existing in these littoral tracts. There are classes who can eat any kind of rice and thrive, who can drink any kind of water and thrive. There are other classes who are middlers. There is still another class who are accustomed to eat very good rice and pay for it. Now, the difficulty comes in, that all have to go to the same shop and get the same rice. Of course, the quantity is less. Therefore, I would respectfully ask the Government very seriously to consider that these labouring classes should be given more rice than the non-labouring classes. Their only food is rice and everything else, fish, condiment, meat and other things they get only in very very small quantities.

Deputy President: Mr. Salem, what is the resolution? You are not speaking on the resolution.

Mr. A. B. Salem *(Mattancheri)*: I am coming to the resolution. The labourers get only half a Cochin measure a day. They have been accustomed to eat one full measure. What I

submit is they should be given this hulled rice. A hard-and-fast rule in this matter should not be laid. We cannot stop all the mills. There are places where milling alone will suffice, and hand-pounding will not suffice. In towns we will not get enough labourers, you will not get the quantity required by the people. So, this proposition should not be accepted wholesale. I request Government according to the Taluks where it is possible you may forbid hulling altogether, and where it is not necessary or not possible or difficulties will be experienced, Government should modify the rule. With these few words, I resume my seat.

Mr. N. Govinda Pai *(Nominated):* Although the resolution, as it stands, wants to stop rice mills altogether, the problem seems to be whether it should be better if people get hand-pounded rice or the kind of bad quality rice that we get from the mills now. I have nothing to say about the first part of the question, that is whether the mills should be closed altogether or not, because there may be places where it may be found essential that these mills will have to be used. But as regards the second question whether hand-pounded rice should be given or not, I quite agree that as far as possible hand-pounded rice alone should be catered to the needs of the people. In giving, rations if anybody requires paddy alone, it should he made available to those parties. I do not agree with my hon'ble friend the Member for Mattancheri or the Member for Chalakkudi that it is absolutely impossible in town parts to carry on with paddy. I am very intimately connected with the Saraswat Co-operative Stores which after the rationing began, was working with paddy for 1½ months; and you can depend upon it when I say that these Stores were catering to the needs of about 800 families and the monthly rations came to 360 to 375 bags of rice. Paddy was stopped because Government could not supply it. If in the heart of Mattancheri these Stores could go on with paddy alone, you can well imagine whether it is an absolute truth that people in cities could not at all be satisfied with paddy. That is the only fact that I want to bring to the notice of this House. My request to the Government is that it should make paddy available to such areas as require it, and not dump this useless rice on persons who do not require it.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഗവമ്മേണ്ടു് വളരെ സദുദ്ദേശത്തോടുകൂടിയാണു് ഫെയർ പ്രൈസു് ഷാപ്പുകൾ തുടങ്ങിയതും, കച്ചവടക്കാരെക്കൊണ്ടു് അരിവില്പന നടത്തുവാൻ അനുവദിച്ചതും എന്നുള്ളതിൽ സംശയമില്ല. എന്നാൽ അനുഭവം നോക്കുമ്പോൾ വിപരീതമായിട്ടാണു് കാണപ്പെടുന്നതു്. ഒരു മില്ലുകാരൻ എന്റെ അടുക്കൽവന്നു് ആവശ്യപ്പെട്ടു, നിങ്ങൾ ഗവമ്മേണ്ടിലേക്കു കൊടുക്കുന്ന നെല്ലു് ഞങ്ങൾക്കു തരുകയാണെങ്കിൽ പറയൊന്നുക്കു് ഒരണ കൂടുതൽവെച്ചു് ആറേകാൽ ഉറപ്പിക തരാം എന്നു്. ഇങ്ങിനെ അവർ കൂടുതൽ സംഖ്യ കൊടുക്കാമെന്നു പറയുന്നതിന്റെ കാരണമെന്താണെന്നു ഞാൻ അന്വേഷിച്ചപ്പോൾ വളരെ ആദായം അവക്കു കിട്ടുന്നുണ്ടു്; അതു് സാധുക്കളുടെ വയറടിച്ചിട്ടാണു് എടുക്കുന്നതു് എന്നു മനസ്സിലായി. അരിയില്ലാതെ വരുമ്പോൾ ഷാപ്പുകാരൻ ട്രഷറിയിൽ പണവും അടച്ചിട്ടു് അരിക്കുവേണ്ടി മില്ലിൽ കാത്തുനില്ക്കും. അരി കുത്തിക്കഴിയുമ്പോൾ ചുടോടുകൂടിയായിരിക്കും ഷാപ്പുകാരനു കൊടുക്കുന്നതു്. അതിൽ കുറെ നെല്ലും കല്ലുമെല്ലാം ഉണ്ടായിരിക്കും. ചൂടു കുറയുമ്പോൾതന്നെ തൂക്കവും ഉടനെ കുറയും. ആ കുറവെല്ലാം അളന്നു വില്ക്കുമ്പോഴാണു് ഷാപ്പുകാരൻ പരിഹരിക്കുന്നതു്. അയാൾ അരി അളക്കുമ്പോൾ താഴ്ത്തി വടിച്ചു് വില്ക്കും. അതിന്റെ ദോഷം തട്ടുന്നതു് സാധുക്കൾക്കാണു്. ആ അരിയും വാങ്ങി വീട്ടിൽകൊണ്ടുപോയി അതിലുള്ള നെല്ലും കല്ലുമൊക്കെ പെറുക്കിക്കളഞ്ഞു നോക്കുമ്പോൾ വീണ്ടും വളരെ കുറയും. അരിക്കുപകരം നെല്ലായിട്ടു കൊടുക്കുകയാണെങ്കിൽ ഗവമ്മേണ്ടിൽ നിന്നു കുത്തുകൂലി കൊടുക്കേണ്ടതില്ലെന്നു മാത്രമല്ല, സാധുക്കൾക്കു വളരെ ആദായമായിരിക്കുകയും ചെയ്യും. സാധുക്കളെ സഹായിക്കുവാൻ വേണ്ടി ഇപ്പോൾ ചെയ്തുവരുന്നതു് അനുഭവത്തിൽനോക്കുമ്പോൾ ദോഷമായിട്ടാണു കണ്ടുവരുന്നതു്. ടൌണിൽ നെല്ലു് കുത്തുവാൻ ആളുകളെ കിട്ടുകയില്ല എന്നു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. തൃശ്ശിവപേരൂർ ടൌണിൽ മില്ലുകളും മറ്റും വരുന്നതിനുമുമ്പു് അവിടെയുള്ള അരിക്കച്ചവടക്കാർ മുഴുവനും നെല്ലു് ശേഖരിക്കാറുണ്ടായിരുന്നു. ഒരു ദിവസം നൂറും മുന്നൂറും സ്ത്രീകൾ വന്നു് അയാളുടെ അടുക്കൽനിന്നു് നെല്ലു് അളന്നു് വാങ്ങിക്കൊണ്ടുപോയി പിറെറദിവസം കാലത്തു് അരിയായിട്ടു കൊണ്ടുവന്നു് അളന്നുഏൽപ്പിക്കും. അങ്ങിനെ ധാരാളം പേർക്കു പണി കിട്ടുകയും ചെയ്തിരുന്നു. അരി കൈകൊണ്ടു കുത്തുവാൻ ആളുകളില്ലെന്നു പറയുന്നതു ശരിയല്ല. അസംഖ്യം ആളുകളുണ്ടു്. എറണാകുളത്തും മട്ടഞ്ചേരിയിലും കൈകൊണ്ടു നെല്ലുകുത്തി അരിയാക്കുവാൻ ആളില്ലെങ്കിൽ തൃശ്ശിവപേരൂരിൽനിന്നും കുത്തി അരിയാക്കി ഇവിടങ്ങളിൽ സപ്ലൈ ചെയ്യുവാൻ സാധിക്കും. ഇതുകൊണ്ടു് അസംഖ്യം ആളുകൾക്കു തൊഴിൽ കിട്ടുകയും

*Speech not corrected by the Honable Member.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും. ഇപ്പോൾ നാലണ ഒൻപതുപൈക്ക കിട്ടുന്ന സാധനത്തേക്കാൾ കൂടുതലായിട്ട നല്ല സാധനം കിട്ടുകയും ചെയ്യും.

മിസ്റ്റർ എ. വി. മൂത്തേടൻ: കൊച്ചിരാജ്യത്തേക്ക ആവശ്യമുള്ള അരി മുഴവനും കുത്താനുള്ള ആളുണ്ടാകയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: നിർബന്ധം വരുകയാണെങ്കിൽ നിങ്ങൾതന്നെ കുത്തി കൊള്ളും. നിങ്ങളുടെ വീട്ടിലുള്ളവർതന്നെ നെല്ല കുത്തും. അങ്ങിനെചെയ്യാതെ നിവൃത്തിയില്ലാത്ത നില വരുമ്പോൾ നെല്ലകുത്തിത്തുടങ്ങും. കൊച്ചിരാജ്യത്തെ സാധുക്കളെ സംബന്ധിച്ചു ഏറവും ഗൗരവമുള്ള ഒരു പക്ഷത്തെക്കുറിച്ചു പറയുമ്പോൾ അതു നേരംപോക്കായിട്ട വിചാരിച്ചു കളിക്കുന്നതു ശരിയല്ല. അതിന്റെ അർത്ഥം എനിക്ക മനസ്സിലാകുന്നില്ല. വില്ലേജുകളിലുള്ള എത്ര ആളുകൾ അരി കിട്ടാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ളതു് ടൌണിലുള്ളവർ മനസ്സിലാക്കുന്നില്ല. ആയതുകൊണ്ട് ഏറവും ഗൗരവമേറിയ ഈ വിഷയത്തിൽ നിങ്ങൾ കളിയും നേരംപോക്കും കാണിക്കുകയാണെങ്കിൽ അതു നാട്ടുംപുറത്തുള്ളവർ അറിയാതിരിക്കുകയില്ലെന്ന ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കുക. നെല്ല് മതിയെന്നുള്ളവർക്ക നെല്ലതന്നെ കൊടുക്കുക, തീരെ നിവൃത്തിയില്ലാത്തവക്ക അരിയും കുറെ കൊടുക്കുക. ഫെയർ പ്രൈസു ഷാപ്പുകളിൽ കുറെ നെല്ലും കുറെ അരിയും കൊടുത്തു എത്ര നെല്ല് ചിലവാകുന്നു, എത്ര അരി ചിലവാകുന്നുവെന്നു് കണക്കാക്കി നോക്കുക. ഈ എറണാകുളത്തുതന്നെ അരിയേക്കാൾ നെല്ലാണ കൂടുതൽ ചിലവാകുന്നതു്. പരമാർത്ഥം നോക്കിയാൽ നെല്ല മതിയെന്ന പറയുന്നവരാണു് അധികമുള്ളതെന്നു് ഗവർമ്മേണ്ടിനു മനസ്സിലാകും. ഇതു് ഉടനെതന്നെ പരീക്ഷിക്കേണ്ട ഒരു സംഗതിയാണു്. ടൌണിൽ അരി സപ്ലൈ ചെയ്യേണ്ട ആവശ്യത്തിനു വേണമെങ്കിൽ ഒന്നോ രണ്ടോ മില്ലുകൾ മാത്രം വെച്ചു് ബാക്കിയുള്ളതെല്ലാം നിവൃത്തണമെന്നാണു്എനിക്ക പറയുവാനുള്ളതു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know what is the carrying charge now allowed by the Government to these mills as also the pounding charges?

Mr. M. M. Paul *(Commissioner of Civil Supplies):* Different rates have been fixed. I will give that information tomorrow.

Mr. P. Kumaran Ezhuthassan *(Vadakkancheri):* If the figures can be given only tomorrow, the discussion can be continued tomorrow, because it is a very important subject.

Deputy President: For the convenience of the members we shall now adjourn.

The House rose for the day at 4-50 p.m.

N. S. RADHAKRISHNA SARMA
Secretary to the Council

(Please see Answer to Question No. 137)

APPENDIX I

1. R. Rangappa Balika & Co., Cochin.
2. Cochin Transporting Company.
3. Jagadis Prasad, Cochin.
4. Diwan Haji Gani Haji Peer Mohamed, Mattancheri.
5. Haji Sathar Haji Peer Mohamed, Mattancheri.
6. Indian Cashewnuts Plantations, Trichur.
7. Muhamed Haji Gany, Mattancheri.
8. Goverdhan Hathi Bai, Mattancheri.
9. South India Corporation, Mattancheri.
10. Abdul Hussein Akberkutty, Cochin.
11. Allepey Company.
12. Haji Ebrahim Kassim Sait, Mattancheri.
13. Vallabha Das Gopaldas, do.
14. Ramgopal Baijnath & Co., do.
22. Jayanthilal Haridas & Co., Cochin.
23. Bhanji Jevath Kona do.
24. F. D. Metha & Co., Bombay.
25. Vaman Ananth Goray, do.
26. Kini & Co., do.
27. S. P. Abdul Hameed Rowther & Brothers, do.
28. G. Goveas & Co., do.
29. Jayalekshmi Starch & Allied Products Co., do.
30. Volkart Bros., do.
31. Hussan Kassam Dada, do.
32. Bombay Co., Ltd., do.
33. Rashid Brothers, Merchants, do.
34. Eastern Trading Co., do.
35. Bhanji Javath Khona, do.

LIBRARY ARCHIVES Kerala Legislative Assembly